الحج والعمرة - مسائل

# ഹജ്ജ്, ഉംറ



**أحكام الحج والعمرة**

**أعده وترجمه إلــى اللغة المليبارية:**

**شعبة توعية الجاليات في الزلفي**

**الطبعة الثالثة: ١٤٣٢/٠١ هـ.**

ح شعبة توعية الجاليات بالزلفي، ١٤١٧هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

المكتب التعاون للدعوة والإرشاد و توعية الجاليات في الزلفي

الحج والعمرة والزيارة - الزلفي ، ١٤١٧ هـ

٥٩ ص؛ ١٢ × ١٧ سم

ردمك : ٣-٣٦-٨١٣-٩٩٦٠

(النص باللغة مليالم )

١- الحج ٢ - العمرة أ. العنوان

ديوي ٢٥٩،٥ ١٤١٧/٣٢٤٠

رقم الإيداع : ١٤١٧/٣٢٤٠

ردمك : ٣-٣٦-٨١٣-٩٩٦٠

الصف والإخراج: **شعبة توعية الجاليات في الزلفي**

الحج والعمرة

# ഹജ്ജ്

ഹജ്ജ് ഓരോ മുസ്ലിം സ്ത്രീക്കും പുരുഷനും ജീവിതത്തിൽ ഒരിക്കൽ മാത്രം നിർബന്ധമാകുന്നു. ഇസ്ലാം കാര്യങ്ങളിൽ അഞ്ചാമത്തേതാകുന്നു ഇത്. അല്ലാഹു പറയുന്നു:

﴿ وَلله عَلَى النَاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً ﴾

(آل عمران:٩٧)

ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാദ്ധ്യതയാകുന്നു. (വി.ഖു. 3:97)

നബി (സ) പറഞ്ഞു:

((بني الإسلام على خمس، شهادة أن لآإله إلا الله وأن محمدا رسول الله، وإقام الصلاة وإيتاء الزكوة، وصوم رمضان، وحج البيت من استطاع إليه سبيلا))

ഇസ്ലാം അഞ്ചുകാര്യങ്ങളിൽ സ്ഥാപിതമാകുന്നു. ആരാധനക്കർഹനായി അല്ലാഹു വല്ലാതെ യാതൊന്നുമില്ല, മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാകുന്നു എന്ന സാക്ഷ്യവാക്യം. നമസ്കാരം നിലനിർത്തൽ, സകാത് നൽകൽ, റമദാനിൽ നോമ്പനുഷ്ഠിക്കൽ, കഴിവുള്ളവൻ അല്ലാഹുവിന്റെ പരിശുദ്ധ ഭവനത്തിലേക്ക് തീർത്ഥയാത്ര നടത്തുക.

## മഹത്വങ്ങൾ

അല്ലാഹു തന്റെ ദാസന്മാർക്ക് മഹത്തായ പ്രതിഫലം വാഗ്ദത്തം ചെയ്തിട്ടുള്ള

പ്രവർത്തനങ്ങളിൽ പെട്ടതാകുന്നു ഹജ്ജ്. നബി (സ) പറഞ്ഞു:

((من حج هذا البيت، فلم يرفث ولم يفسق،

رجع كيوم ولدته أمه))

അനാവശ്യങ്ങളോ, ഭാര്യാഭർതൃ ബന്ധമോ ചെയ്യാതെ ഈ ഭവനത്തിൽവന്നു ഹജ്ജ് നിർവ്വഹിക്കുന്നവൻ, അവന്റെ മാതാവ് അവനെ പ്രസവിച്ച നാളിലെപ്പോലെ (വിശുദ്ധനായി) മടങ്ങും.

## നിബന്ധനകൾ

ബുദ്ധിയുള്ള, പ്രായപൂർത്തിയെത്തിയ മുസ്ലിമിന് കഴിവുണ്ടായാൽ ഹജ്ജ് നിർബന്ധമാകും. യാത്രക്കുള്ള വാഹനം, ഭക്ഷണം, വസ്ത്രം മറ്റു ചിലവുകൾ എന്നിവക്കുള്ള കഴിവാണ് ഇതുകൊണ്ട് വിവക്ഷ. തന്റെ കുടുംബത്തിന്റെയും, താൻ ചെലവിനുകൊടുക്കൽ നിർബന്ധമായിട്ടുള്ളവരുടെയും ചെലവുകഴിച്ചു ബാക്കിയു

ള്ളതായിരിക്കണംഇത്. അവന് രോഗമോ, ഹജ്ജിനു തടസ്സമായേക്കാവുന്ന ബലഹീനതയോ ഉണ്ടാകാൻ പാടില്ല. നിർഭയമായ യാത്രയും കഴിവിൽ ഉൾപ്പെടും. സ്ത്രീയാണെങ്കിൽ മേൽപറയപ്പെട്ടവക്കെല്ലാം പുറമെ ഹജ്ജിനു അവളുടെ കൂടെ ഭർത്താവോ, വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട മറ്റൊരു പുരുഷനോ ഉണ്ടായിരിക്കണം. അവൾ വിവാഹമോചന ശേഷമുള്ള ഇദ്ദ (ദീക്ഷ) കാലത്തിലുള്ളവളായിരിക്കാനും പാടില്ല. കാരണം, ഇദ്ദഃയിലുള്ള സ്ത്രീ വീടുവിട്ടു പോകുന്നത് അല്ലാഹു വിലക്കിയിട്ടുള്ള കാര്യമാകുന്നു. മേൽപറയപ്പെട്ട ഏതെങ്കിലും തടസ്സമുള്ളവർക്ക് ഹജ്ജ് നിർബന്ധമില്ല.

## ഹജ്ജിന്റെ മര്യാദകൾ

1 യാത്രക്കു മുമ്പുതന്നെ ഹജ്ജിനെ കുറിച്ചു വായിച്ചോ, വിവരമുള്ളവരോട് ചോദിച്ചോ പഠിച്ചിരിക്കണം.

2 നന്മയിൽ സഹകരിക്കുന്ന നല്ല കൂട്ടുകാരെ കണ്ടെത്താൻ ശ്രമിക്കണം. അവരിൽ ഒരു പണ്ഡിതൻ ഉണ്ടായിരിക്കുന്നത് നല്ലതാണ്.

3 ഹജ്ജ് കൊണ്ട് ദൈവ സാമീപ്യവും പ്രീതിയും കാംക്ഷിക്കുക.

4 അനാവശ്യ വർത്തമാനങ്ങളിൽ നിന്നും നാവിനെ നിയന്ത്രിക്കുക.

5 ദിക്റുകളും ദുആകളും വർദ്ധിപ്പിക്കുക.

6 ജനങ്ങൾക്കും മറ്റു ഹാജിമാർക്കും ഉപദ്രവങ്ങളും വിഷമങ്ങളും സൃഷ്ടിക്കാതിരിക്കുക.

7 സ്ത്രീ അവളുടെ നഗ്നത മറക്കാൻ കൂടുതൽ ശ്രദ്ധിക്കണം. പരപുരുഷന്മാരു മായി തിക്കുംതിരക്കും ഉണ്ടാക്കാതിരിക്കാനും ശ്രദ്ധക്കണം.

8 ഒരു ആരാധനാ കർമ്മത്തിലാണെന്ന ബോധം ഉണ്ടായിരിക്കണം. ഇതൊരു വിനോദയാത്രയല്ല. ചില ഹജിമാർ ഫോട്ടോയെടുക്കുക തുടങ്ങിയ കാര്യ ങ്ങൾ ചെയ്തു കൊണ്ട്, ഇതൊരു വിനോദത്തി

നുള്ള അവസരം പോലെ യാക്കിത്തീർക്കുന്നു. അല്ലാഹു ഇത്തരക്കാർക്ക് സൽബുദ്ധി പ്രദാനം ചെയ്യട്ടെ.

## ഇഹ്റാം

### ഇഹ്റാം എന്ത്? എവിടെ വെച്ച്?

ഹജ്ജിന്റെ കർമ്മങ്ങളിൽ പ്രവേശിക്കുന്ന നിയ്യത്തിനാണ് ഇഹ്റാമെന്ന് പറയുന്നത്. ഹജ്ജോ ഉംറയോ ചെയ്യാൻ ഉദ്ദേശിച്ചവൻ ഇഹ്റാം ചെയ്യൽ നിർബന്ധമാകുന്നു. മക്കയുടെ പുറത്തു നിന്നാണ് വരുന്നതെങ്കിൽ നബി (സ) നിശ്ചയിച്ച ഏതെങ്കിലും ഒരു മീഖാതിൽ വെച്ചാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. മീഖാതുകൾ താഴെ പറയുന്നവയാകുന്നു:

**1 ദുൽഹുലൈഫഃ:** മദീനയുടെ അടുത്തുള്ള ഒരു ചെറിയ ഗ്രാമം. ഇപ്പോൾ ഈ സ്ഥലത്തിന്റെപേര് അബ്യാർഅലീ എന്നാണ്. മദീനക്കാരുടെ മീഖാത്താണിത്.

2 **ജുഹ്ഫഃ:** റാബിഗിന്നടുത്തുള്ള ഒരു ഗ്രാമം. ഇപ്പോൾ ജനങ്ങൾ റാബിഗിൽ വെച്ചു തന്നെയാണ് ഇഹ്റാം ചെയ്യാറുള്ളത്. ശാം (സിറിയ) കാരുടെ മീഖാത്താണിത്.

3 **ഖർനുൽ മനസസിൽ:** (സയ്‌ലുൽ കബീർ). ത്വാഇഫിനടുത്തുള്ള സ്ഥലം. നജ്ദുകാരുടെ മീഖാത്. (ഇന്ത്യയിൽ നിന്നും വിമാനംവഴി ഹജ്ജിനു വരുന്നവരുടെ മീഖാത് ഇതാണ്.)

4 **യലംലം:** മക്കയിൽ നിന്നും ഏകദേശം 70കി.മീ. അകലത്തിൽ. യമൻ കാരുടെ മീകാത്. (ഇന്ത്യയിൽ നിന്ന് കപ്പലിൽ വരുന്നവരുടെ മീകാത് ഇതാണ്.)

5 **ദാതുഇർക്:** ഇറാക്വുകാരുടെ മീഖാത്താണിത്

മേൽപറയപെട്ട നാട്ടുകാർക്കും,ആ പ്രദേശങ്ങൾ താണ്ടി ഹജ്ജിനും, ഉംറക്കും വരുന്നവർക്കും നബി(സ) നിശ്ചയിച്ച മീഖാത്തുകളാണിവ. മക്കയിലോ മീഖാത്തുകൾക്കുള്ളിലായി ഹറമിനുപുറത്തോ

താമസിക്കുന്നവർ അവരുടെ താമസസ്ഥലങ്ങളിൽ വെച്ചുതന്നെയാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്.

## ഇഹ്റാമിന്റെ സുന്നത്തുകൾ

ഇഹ്റാമിനുമുമ്പ് താഴെ പറയുന്ന സുന്നത്തായ കാര്യങ്ങൾ ചെയ്യുക.

1 നഖം മുറിക്കുക. കക്ഷം, ഗുഹ്യഭാഗം എന്നിവയിലെ രോമങ്ങൾ നീക്കം ചെയ്യുക. മീശ വെട്ടുക, കുളിക്കുക, സുഗന്ധം പൂശുക. സുഗന്ധം ശരീരത്തിൽ മാത്രമേ ഉപയോഗിക്കാവൂ. വസ്ത്രത്തിൽ പുരട്ടരുത്.

2 കൂട്ടിത്തുന്നിയ വസ്ത്രങ്ങൾ ഒഴിവാക്കുക. ഒരു തുണിയും മേൽമുണ്ടും മാത്രം ധരിക്കുക. സ്ത്രീകൾക്ക് ശരീരം മറക്കുന്ന ഏതു വസ്ത്രവും ധരിക്കാം. ആർഭാടം പ്രകടിപ്പിക്കാത്ത, അന്യപുരുഷരുടെ അടുത്തെത്തുമ്പോൾ മുഖവും മുൻകയ്യും മറക്കാൻ കഴിയുന്നതായിരിക്കണം ആ

വസ്ത്രം. സ്ത്രീ കയ്യുറയും മുഖം മൂടുന്ന വസ്ത്രവും ഒഴിവാക്കണം.

3 പള്ളിയിൽ പ്രവേശിച്ചു, നമസ്കാരത്തിന്റെ സമയമാണെങ്കിൽ ജമാഅ്തിന്റെ കൂടെ നമസ്കരിക്കുക. അല്ലെങ്കിൽ വുദുവിന്റെ രണ്ട് റക്അഃത് നമസ്കരിക്കുക. ഇഹ്റാമിനായി പ്രത്യേക സുന്നത്ത് നമസ്കാരമില്ല. തുടർന്ന് ഇഹ്റാം ചെയ്യുക. വസ്ത്രം ധരിക്കുന്നതോടെ ഇഹ്റാമിൽ പ്രവേശിക്കുകയില്ല എന്നത് പ്രത്യേകം ഓർത്തിരിക്കുക.

## ഹജ്ജ് മൂന്നു വിധം

1 തമത്തുഅ്: ഉംറഃക്കു വേണ്ടി മാത്രം ഇഹ്റാം ചെയ്യുക. എട്ടാം ദിവസമായാൽ ഹാജി എവിടെയാണോ ഉള്ളത് അവിടെവെച്ച് ഹജ്ജിന് ഇഹ്റാം ചെയ്യുക. പിന്നീട് മീകാതിൽ വെച്ച് ഇങ്ങനെ പറയുക:

لَبَّيْكَ عُمْرَةً مُتَمَتِّعًا بِهَا إِلَى الْحَجِّ

ലബ്ബയ്ക ഉംറതൻ മുതമത്തിഅൻ ബിഹാ ഇലൽ ഹജ്ജി.
ഉംറക്കു ശേഷം ഇഹ്റാമിൽ നിന്ന് ഒഴിയുക. ഇതാണ് ഹജ്ജിന്റെ ഏറ്റവും നല്ല രൂപം. വിശിഷ്യ ഹജ്ജിന്റെ മുമ്പ് മക്കയിൽ വന്നാൽ. ഹജ്ജിനു വേണ്ടി വീണ്ടും ഇഹ്റാം ചെയ്യുമ്പോൾ മക്കയിൽ തന്റെ താമസസ്ഥലത്തു വെച്ച്

لَبَّيْكَ حَجًّا

ലബ്ബയ്ക ഹജ്ജൻ എന്നു പറയുക. ഈ ഹജ്ജിന് മൃഗബലി നിർബന്ധമാകുന്നു. ഒരാൾ ഒരു ആടിനെയാണ് ബലി നൽകേണ്ടത്. ഒട്ടകം, പശു എന്നിവയുടെ ബലിയിൽ ഏഴു പേർക്ക് പങ്കാകാവുന്നതാണ്.
2 കിറാൻ: ഒരേ സമയത്തു തന്നെ ഹജ്ജിനും ഉംറക്കും ഒരുമിച്ചു ഇഹ്റാം ചെയ്യുക.

لَبَّيْكَ عُمْرَةً وَحَجًّا

ലബ്ബയ്ക ഉംറതൻ വഹജ്ജൻ എന്നു പറഞ്ഞു കൊണ്ടാണ് ഇതു ചെയ്യുക. ആദ്യം ഉംറഃ നിർവ്വഹിക്കുക. തുടർന്ന് ദുൽഹജ്ജ് പത്തുവരെ ഇഹ്റാമിൽ തന്നെ തുടരുക. ഹജ്ജിന് ഇഹ്റാമിൽ പ്രവേശിക്കുന്നതിന് അൽപം മുമ്പ് വരികയും, ഉംറയുടെ ഇഹ്റാമിൽ നിന്ന് തഹല്ലുലായി ഹജ്ജിനു ഇഹ്റാം ചെയ്യാൻ സമയം മതിയാകാതെ വരികയും ചെയ്യുമ്പോൾ സാധാരണയായി ഉംറയെ ഹജ്ജുമായി ചേർത്താണിത് ചെയ്യാറുള്ളത്. ഈ ഹജ്ജിനും ബലി നിർബന്ധമാകുന്നു.

3 ഇഫ്റാദ്: ഹജ്ജു മാത്രം ഉദ്ദേശിച്ചു കൊണ്ട് മീഖാതിൽ വെച്ച്;

لَبَّيْكَ حَجًّا

എന്നു പറയുക. ഈ ഹജ്ജിൽ മൃഗബലി നിർബന്ധമില്ല.

വിമാനത്തിൽ ഉംറക്കുവരുന്നവരും മീഖാത്തിൽ വെച്ചുതന്നെഇഹ്റാം ചെയ്യണം.

എനി മീഖാത്തിലെത്തുന്നത് അറിയാൻ വിഷമമാണെങ്കിൽ ഇഹ്റാം അതിനു മൽപ്പം മുമ്പുമാകാം. ഇഹ്റാമിനു മുമ്പ് ചെയ്യേണ്ട സുന്നത്തായ കാര്യങ്ങൾ നഖം മുറിക്കുക, കക്ഷം, ഗുഹ്യഭാഗം എന്നിവയിലെ രോമങ്ങൾ നീക്കം ചെയ്യുക, മീശ വെട്ടുക, കുളിക്കുക, സുഗന്ധം പൂശുക. എന്നിവയും ഇഹ്റാം വസ്ത്രം ധരിക്കലും വിമാനത്തിൽ കയറുന്നതിനു മുമ്പോ വിമാനത്തിൽ വച്ചോ ചെയ്യുക മീഖാത്തിലെത്തുിനുമുമ്പോ അല്ലെങ്കിൽ മീഖാത്തിൽ വെച്ചോ ഇഹ്റാമിനുള്ള നിയ്യത്ത് ചെയ്യുക

## ഇഹ്റാമിൽ പറയേണ്ടത്

1 തമത്തുഅ്:

لَبَّيْكَ عُمْرَةً مُتَمَتِّعًا بِهَا إِلَى الحَجِّ

ലബ്ബയ്ക ഉംറതൻ മുതമത്തിഅഃൻ ബിഹാ ഇലൽ ഹജ്ജി.

2 കിറാൻ:

لَبَّيْكَ عُمْرَةً وَحَجًّا

ലബ്ബയ്ക ഉംറതൻ വഹജ്ജൻ.

3 ഇഫ്റാദ്:

لَبَّيْكَ حَجًّا

ലബ്ബയ്ക ഹജ്ജൻ.

ഇഹ്റാമിനു ശേഷം തൽബിയ്യതു ചൊല്ലൽ സുന്നത്താകുന്നു. ഇഹ്റാമിൽ പ്രവേശിച്ചതു മുതൽ കഅ്ബയിലെത്തി ത്വവാഫ് ആരംഭിക്കുന്നതു വരെ ഇത് ആവർത്തിച്ചു കൊണ്ടിരിക്കണം.

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ،

إِنَّ الحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكُ لاَ شَرِيكَ لَكَ

ലബ്ബയ്കല്ലാഹുമ്മ ലബ്ബയ്ക്, ലബ്ബയ്ക ലാ ശരീക ലക ലബ്ബയ്ക്, ഇന്നൽ ഹംദ

വന്നിഅ്മത ലക, വൽമുൽകു ലാ ശരീക ലക്.
എന്നതാണ് തൽബിയ്യത്തിന്റെ വാക്കുകൾ.
അർത്ഥം: അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാനുത്തരം നൽകിയിരിക്കുന്നു. നിന്റെ വിളി കേട്ടെത്തിയിരിക്കുന്നു. നിന്റെ വിളി ഞാനിതാ ചെവിക്കൊണ്ടിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല. നിന്റെ വിളിക്ക് ഞാനുത്തരം നൽകിയിരിക്കുന്നു. സ്തുതിയും അനുഗ്രഹവും നിനക്ക്, രാജാധികാരവും നിനക്കു തന്നെ. തീർച്ച. നിനക്കു പങ്കാളിയായി ആരും തന്നെയില്ല

## ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ

ഇഹ്റാമിനു മുമ്പ് അനുവദനീയമായിരുന്ന ചില കാര്യങ്ങൾ ഇഹ്റാമിനു ശേഷം നിഷിദ്ധമാകും. അവ താഴെ പറയുന്നു:
1 തലയിൽ നിന്നോ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നോ മുടി നീക്കം ചെയ്യ

ൽ. ആവശ്യമായി വരുമ്പോൾ പതുക്കെ ചൊറിയുന്നതു കൊണ്ട് തെറ്റില്ല.

2 നഖം മുറിക്കൽ. നഖം പൊട്ടിപ്പോയി, അല്ലെങ്കിൽ കഠിന വേദനയെടുക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ നഖം നീക്കം ചെയ്യുന്നതിൽ തെറ്റില്ല.

3 സുഗന്ധം ഉപയോഗിക്കൽ. സുഗന്ധമുള്ള സോപ്പുകളും ഇതിലുൾപ്പെടും.

4 ലൈംഗികബന്ധവും ഇതിന്റെ പ്രേരകങ്ങളും. വിവാഹം കഴിക്കുക, വികാരത്തോടെയുള്ള നോട്ടം,ആലിംഗനം, ചുംബനം എന്നിവ.

5 കയ്യുറ ധരിക്കൽ.

6 വേട്ടയാടൽ

മേൽപറയപ്പെട്ടവയെല്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവായവയാകുന്നു. ഇവക്കെല്ലാം പുറമെ പുരുഷന്മാർക്ക് മാത്രം നിഷിദ്ധമാകുന്നവ താഴെ പറയുന്നു.

1 കൂട്ടിത്തുന്നിയ വസ്ത്രം ധരിക്കൽ. എന്നാൽ ഇഹ്റാമിൽ ബെൽറ്റ്, വാച്ച്, കണ്ണട എന്നിവ ധരിക്കാം.
2 തലയിൽ ചേർന്നു നിൽക്കുന്ന വസ്തുക്കൾ കൊണ്ട് തല മറക്കൽ. കുട, കാർ, ടെന്റ് തുടങ്ങിയ തലയിൽ സ്പർശിക്കാത്ത വസ്തുക്കൾ കൊണ്ട് തലമറയുന്നതു തെറ്റില്ല.
3 കാലുറ ധരിക്കൽ. ചെരുപ്പ് ലഭ്യമായില്ലെങ്കിൽ നെരിയാണി മറയുന്ന കാലുറയും (ഖുഫ്ഫ) ധരിക്കാം.
ഇതിൽ ഏതെങ്കിലും ഒന്ന് ചെയ്തവന് മൂന്നാൽ ഒരവസ്ഥയുണ്ടാകും.
1 അകാരണമായി ചെയ്യുന്നവൻ. അവൻ കുറ്റക്കാരനാകുന്നു. അയാൾക്ക് പ്രായശ്ചിത്തം നിർബന്ധം.
2 അത്യാവശ്യം നിമിത്തം ചെയ്തവൻ. അയാൾ കുറ്റക്കാരനാകില്ല. പക്ഷെ, പ്രായശ്ചിത്തം ചെയ്യൽ നിർബന്ധം.
3 നിയമത്തെ കുറിച്ചുള്ള അജ്ഞതയോ നിർബന്ധമോ മറവിയോ നിമിത്തം ചെയ്

തവന്ന് ഒഴികഴിവു ലഭിക്കുന്നതാണ്. അവന്ന് കുറ്റമോ പ്രായശ്ചിത്തമോ ഇല്ല.

## ത്വവാഫ്

മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുമ്പോൾ വലതുകാൽ മുന്തിക്കുക.

بِسْمِ اللهِ وَالصَّلاَةُ والسلام عَلَى رَسُولِ الله

اللَّهُمَّ اغْفِرْ لِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِكَ

'ബിസ്മില്ലാഹി വസ്സ്വലാതു വസ്സലാമു അലാ റസൂലില്ലാഹ്, അല്ലാഹുമ്മഗ്ഫിർലീ ദുനൂബീ വഫ്തഹ് ലീ അബ്വാബ റഹ്മതിക' എന്നു പറഞ്ഞു കൊണ്ട് പ്രവേശിക്കുക.

അർത്ഥം: അല്ലാഹുവിന്റെ പേരിൽ, അല്ലാഹുവിന്റെ തിരുദൂതരിൽ അവന്റെ കൃപാകടാക്ഷവും ശാന്തിയുമുണ്ടാകട്ടെ, അല്ലാഹുവേ, എന്റെ പാപങ്ങൾ എനിക്കു നീ പൊറുത്തു തരികയും, നിന്റെ അനുഗ്രഹത്തി

ന്റെ കവാടങ്ങൾ എനിക്ക് തുറന്നു തരിക യും ചെയ്യേണമേ.
ഇപ്രകാരം ചെയ്യൽ എല്ലാപള്ളികൾക്കും ബാധകമാകുന്നു. തുടർന്ന് ത്വവാഫിനു വേണ്ടി കഅ്ബയുടെനേരെ പോകുക.
അല്ലാഹുവിനുള്ള ഒരു ആരാധന എന്ന നിലയിൽ കഅ്ബഃയെ ഇടതു വശത്താക്കി, ഹജറുൽ അസ്‌വദിൽ നിന്നും ആരംഭിച്ചു അതിൽ തന്നെ അവസാനിക്കുന്ന ഏഴു പ്രദക്ഷിണം ചെയ്യലാകുന്നു ത്വവാഫ്. ഇതിന്ന് വുദു നിർബന്ധമാകുന്നു.
ത്വവാഫിന്റെ രൂപം താഴെ പറയുന്നു:
1 ഹജറുൽ അസ്‌വദിന്റെ അടുത്തേക്ക് പോകുക.

بِسْمِ الله والله أَكْبَرُ

'ബിസ്മില്ലാഹി വല്ലാഹു അക്ബർ' എന്നു പറഞ്ഞു കൊണ്ട്, സാധ്യമെങ്കിൽ കല്ലിനെ ചുംബിക്കുക. സാധ്യമല്ലെങ്കിൽ വലതു

കൈകൊണ്ട് അതിനെ തൊട്ടുമുത്തുക. തൊട്ടുമുത്താനും സാധ്യമല്ലെങ്കിൽ ഹജറുൽ അസ്വദിന്റെ നേരെ തിരിഞ്ഞു നിന്ന്, അല്ലാഹു അക്ബർ എന്നു പറഞ്ഞു കൈകൊണ്ട് ആംഗ്യം കാണിക്കുക. കൈ ചുംബിക്കേണ്ടതില്ല. കഅ്ബഃയെ ഇടതു വശത്താക്കി (നിലത്തു കാണുന്ന വീതിയുള്ള കറുത്ത വരയിൽ നിന്നു) ത്വവാഫ് ആരംഭിക്കുക. ഇഷ്ടമുള്ള പ്രാർത്ഥനകൾ നടത്താം. തനിക്കറിയാവുന്ന ഭാഷയിലാകാം. തനി ക്കും മറ്റുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കാം. ക്വുർആൻ പാരായണമാകാം. ത്വവാഫിനു വേണ്ടി മാത്രം ഓരോ തവണയും പ്രത്യേകം പ്രാർത്ഥനകൾ ഇല്ല.

2 റുക്നുൽ യമാനീ (ഹജറുൽ അസ്വദിനു തൊട്ടുമുമ്പുള്ള മൂല) യിൽ എത്തിയാൽ സാധിക്കുമെങ്കിൽ

بِسْمِ اللهِ واللهُ أَكْبَرُ

ബിസ്മില്ലാഹി വല്ലാഹു അക്ബർഎന്നു പറഞ്ഞുകൊണ്ട് അവിടെ തൊടുക. കൈ ചുംബിക്കേണ്ടതില്ല. സാധിച്ചില്ലെങ്കിൽ ത്വവാഫ് തുടരുക. കൈകൊണ്ട് ആഗ്യം കാണിക്കുകയോ, തക്ബീർ ചൊല്ലുകയോ ചെയ്യേണ്ടതില്ല. ഇവിടെ മുതൽ ഹജറുൽ അസ്‌വദ്‌വരെ

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

'റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറതി ഹസനതൻ വകിനാ അദാബന്നാർ' എന്ന് പ്രാർത്ഥിക്കൽ സുന്നത്താകുന്നു.

അർത്ഥം: ഞങ്ങളുടെ നാഥാ, ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്ക് നന്മ നൽകേണമേ. ഞങ്ങളെ നീ നരകശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ.

3 ഹജറുൽ അസ്‌വദിൽ എത്തിയാൽ കൈ കൊണ്ട് തൊടുക. സാധിച്ചില്ലെങ്കിൽ അല്ലാഹു അക്ബർ എന്നു പറഞ്ഞു ആഗ്യം കാണിക്കുക. ഇപ്പോൾ ഒരു ത്വവാഫ് പൂർത്തിയായി. ബാക്കി പൂർത്തീകരിക്കുവാൻ;

4 ഒന്നാമത്തെ വട്ടം ചെയ്തതു പോലെ ത്തന്നെ തുടരുക. അങ്ങനെ ഏഴു പ്രാവശ്യം പൂർത്തിയാക്കുക. ഹജറുൽ അസ്‌വദിന്റെ തൊട്ടടുത്തെ ത്തുമ്പോഴും, ഏഴാം പ്രാവശ്യം അവസാനിപ്പിക്കുമ്പോഴും (കറുത്ത വരയിൽ നിന്നുകൊണ്ട്) അല്ലാഹു അക്ബർ എന്നു പറയുക. ആദ്യത്തെ മൂന്നു വട്ടം കാലടികൾ അടുപ്പിച്ചു വെച്ചുകൊണ്ട് അൽപം വേഗതകൂട്ടി നടക്കുക. ബാക്കിയുള്ള നാലെണ്ണത്തിൽ സാധാരണ നടത്തവുമായിരിക്കണം. ത്വവാഫിന്റെ സമയത്ത് മേൽമുണ്ട് വലതു കക്ഷത്തിനു താഴെയാക്കി രണ്ടറ്റങ്ങളും ഇടതു ചുമലിൽ വരത്തക്കവിധം ആക്കുക. ഇതിന് اضطباع എന്നാണ് പറയുക.

വേഗതയിലുള്ള നടത്തവും മേൽമുണ്ട് ഇപ്രകാരം ചെയ്യുന്നതും ആദ്യത്തെ ത്വവാഫിൽ മാത്രമേ സുന്നത്തുള്ളൂ.

## ത്വവാഫിനു ശേഷം

ഇബ്റാഹീം മക്വാമിന്റെ പിന്നിൽ നിന്നു, കഅ്ബഃയുടെ നേരെ തിരിഞ്ഞു രണ്ട് റക്അത് നമസ്കരിക്കൽ സുന്നത്താകുന്നു. മഖ്വാമു ഇബ്റാഹീം തന്റെയും കഅ്ബയുടെയും ഇടയിൽ വരണം. ഒന്നാമത്തെ റക്അഃതിൽ ഫാതിഹക്കു ശേഷം സൂറത്തുൽ കാഫിറൂൻ (ക്വുൽയാ അയ്യുഹൽ കാഫിറൂൻ) ഓതുക. രണ്ടാമത്തെതിൽ സൂറതുൽ ഇഖ്ലാസ് (ക്വുൽ ഹുവല്ലാഹു അഹദ്) ഓതുക. ജനത്തിരക്കു കാരണം മഖ്വാമിന്റെ പിന്നിൽ നിന്ന് നമസ്കരിക്കാൻ സൗകര്യപ്പെടാതെ വന്നാൽ, മസ്ജിദുൽ ഹറാമിൽ എവിടെ വെച്ചും ഇതു നിർവ്വഹിക്കാം. തുടർന്ന് സംസം വെള്ളം കുടിക്കൽ സുന്നത്താകുന്നു. അത് വയറു നിറയെ കുടിക്കണം.

## സഅ്യ്

ഇനി സഅ്യിനു വേണ്ടി സ്വഫയിലേക്ക് പോകുക. അവിടെയത്തിയാൽ

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَآئِرِ اللهِ.. (البقرة:١٥٨)

'ഇന്നസ്സ്വഫാ വൽമർവത മിൻശആഇരില്ലാഹ്' എന്ന് ഓതുക.

സ്വഫയിൽ കയറി, കഅ്ബഃയെ കാണുന്ന രൂപത്തിൽ നിൽക്കുക. കഅ്ബഃക്കു നേരെ തിരിഞ്ഞു നിന്ന് അൽഹംദു ലില്ലാഹ് എന്നു പറഞ്ഞു, രണ്ടു കൈകളും ഉയർത്തി;

لآإِلَهَ إِلاّ اللهُ وَاللهُ أَكْبَرُ، لآإِلَهَ إِلاَّ اللهُ وَحْدَهُ لاَ

شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الحَمْدُ يُحْيِي وَيُمِيتُ وَهُوَ

عَلَى كُلِّ شَيْءٍ قَدِيرٌ لاَ إِلَهَ إِلاَّ اللهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ.

'ലാഇലാഹ ഇല്ലല്ലാഹു, വല്ലാഹു അക്ബർ, ലാഇ ലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീകലഹു, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്യീ വയുമീതു വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ. ലാഇ ലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വനസ്വറ അബ്ദഹു, വഹസമൽ അഹ്സാബ വഹ് ദഹു' എന്നു ചൊല്ലിക്കൊണ്ട് സുദീർഘമായി പ്രാർത്ഥിക്കുക.

അർത്ഥം: അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാരനുമില്ല. രാജാധിപത്യം അവന്നുള്ളതാണ്. സ്തുതിയും അവന്നുള്ളത് തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പി

ക്കുകയും ചെയ്യുന്നു. അവൻ സർവ്വശ ക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകൻ മാത്രം. ത ന്റെ വാഗ്ദത്തം അവൻ നിറവേറ്റി, തന്റെ അടിമയെ സഹായിച്ചു, ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി.

പ്രാർത്ഥനകളെല്ലാം മൂന്നു പ്രാവശ്യം ആവർത്തിക്കുക.

അവിടെ നിന്നും ഇറങ്ങി മർവയുടെ നേരെ നടക്കുക. പച്ച അടയാളമുള്ള സ്ഥലത്തെത്തിയാൽ കഴിയും പ്രകാരം അൽപം വേഗത കൂട്ടുക. അടുത്ത പച്ച അടയാളം വരെ മാത്രം. ഇതു മറ്റുള്ളവർ ക്കു വിഷമമാകുന്ന വിധത്തിലായിരിക്കരു ത്. സ്ത്രീകൾ ഓടാൻ പാടില്ല. മർവയിൽ എത്തിയാൽ അതിൽ കയറി കഅ്ബഃക്കു നേരെ തിരിഞ്ഞു നിൽക്കുക. രണ്ടു കൈ കളും ഉയർത്തി സ്വഫയിൽ പറഞ്ഞതു പോലെ പറയുക. ഇതോടെ ഒരു സഅ്യ് പൂർത്തിയായി. പ്രാർത്ഥനക്കു ശേഷം മർവയിൽ നിന്നും ഇറങ്ങി സ്വഫയിലേക്ക്

പോകുക. ഒന്നാം സഅ്യിൽ ചെയ്തതു പോലെ തന്നെ ചെയ്യുക. ഏഴുസഅ്യി ലും പ്രാർത്ഥനകൾ ധാരാളമായി ചൊല്ലു ന്നത് സുന്നത്താകുന്നു. മർവയിലാണ് ഏഴാമത്തെ സഅ്യ് അവസാനിക്കുക. തമ ത്തുഅ് ആയിട്ടാണ് ഹജ്ജ് ചെയ്യുന്നതെ ങ്കിൽ സഅ്യിനു ശേഷം മുടിയെടുത്ത് ഉംറ അവസാനിപ്പിക്കാം. ഇഹ്റാമിൽ നി ന്നു മോചിതനായി, സാധാരണ വസ്ത്രം ധരിക്കാം. ദുൽഹിജ്ജഃ എട്ടിനു താൻ താമ സിക്കുന്ന സ്ഥലത്തു വെച്ച്, ദുഹ്റിനു മുമ്പായി ഹജ്ജിനുള്ള ഇഹ്റാം ചെയ്യുക. ഉംറക്കു വേണ്ടി ഇഹ്റാമിൽ പ്രവേ ശിച്ചപ്പോൾ ചെയ്തതെല്ലാം അപ്പോഴും ചെയ്യണം.

لَبَّيْكَ حَجًّا، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ، إِنَّ

الحَمْدَ وَالنِّعْمَةَ لَكَ وَالمُلْكُ لاَ شَرِيكَ لَكَ

ലബ്ബയ്ക ഹജ്ജൻ, ലബ്ബയ്ക ലാ ശരീക ലക ലബ്ബയ്ക, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽകു ലാ ശരീക ലക
എന്നു പറഞ്ഞു കൊണ്ട് ദുൽഹിജ്ജ് എട്ടിന് ഹജ്ജിൽ പ്രവേശിക്കണം.

## ദുൽഹജ്ജ്8 (യൗമുത്തർവിയ്യഃ)

ഇഹ്റാമിനു ശേഷം തൽബിയ്യത്ത് ചൊല്ലിക്കൊണ്ട് മിനായിൽ പോകുക. അവിടെ വെച്ച് ദുഹ്ർ, അസ്ർ, മഗ്രിബ്, ഇശാ, സ്വുബ്ഹ് എന്നീ നമസ്കാരങ്ങൾ അതാതിന്റെ സമയത്തു തന്നെ നിർവ്വഹിക്കുക. നാലു റക്അത്തുള്ളവ രണ്ടാക്കി ചുരുക്കിയാണ് നമസ്കരിക്കേണ്ടത്. ദിക്ർ ദുആകൾ ചൊല്ലുന്നതിൽ മുഴുകി അവിടെ കഴിച്ചു കൂട്ടണം.

## ദുൽഹിജ്ജ്9 അറഫഃ

ഇന്ന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുക:

1 സൂര്യോദയത്തിനു ശേഷം അറഫയിലേക്ക് പോകുക. സൂര്യാസ്തമയം വരെ അവിടെ കഴിച്ചുകൂട്ടുക. ദുഹ്ർ, അസ്വർ എന്നിവ രണ്ടു റക്അത്താക്കി ചുരുക്കി, ദുഹ്റിന്റെ സമയത്തു നമസ്കരിക്കുക. നമസ്കാര ശേഷം ദിക്ർ, ദുആ, തൽബിയ്യത്ത്, ക്വുർആൻ പാരായണം എന്നിവയിൽ മുഴുകുക. വിനയാന്വിതനായി അല്ലാഹുവിനോട് പ്രാർത്ഥന അധികരിപ്പിക്കലും, തനിക്കും മറ്റു മുസ്ലിംകൾക്കും വേണ്ടിയും പ്രാർത്ഥിക്കലും സുന്നത്താകുന്നു. തനിക്കാവശ്യമുള്ളതെല്ലാം പ്രാർത്ഥിക്കാം. പ്രാർത്ഥനാ വേളകളിൽ കൈ ഉയർത്തുന്നത് നല്ലതാണ്. അറഫഃ ഹജ്ജിന്റെ ഒരു റുക്ൻ (മുഖ്യഘടകം) ആകുന്നു. അറഫഃയില്ലാത്തവന്റെ ഹജ്ജ് സ്വീകാര്യമല്ല. ദുൽഹജ്ജ് ഒമ്പതിനു സൂര്യൻ ഉദിച്ചതുമുതൽ ദുൽഹജ്ജ് പത്ത് ഫജ്ർ വരെയാകുന്നു ഇതിന്റെ സമയം. ഈ സമയത്തിന്നിടയിൽ രാത്രിയോ പകലോ ഒരുമണിക്കൂർ ആരെങ്കിലും അറഫഃയിൽ കഴിച്ചു

കൂട്ടിയാൽ അവന്റെ ഹജ്ജ് പൂർണ്ണ മാകും. അറഫഃയുടെ അതിർത്തിക്കകത്ത് തന്നെ യാണ് നിൽക്കുന്നതെന്ന് ഉറപ്പുവരുത്തി യിരിക്കണം.

2 അറഫഃയുടെ ദിവസം സൂര്യൻ അസ്ത മിച്ചു എന്ന് ഉറപ്പായാൽ തൽബിയ്യത്ത് ചൊല്ലിക്കൊണ്ട്, ശാന്തമായി മുസ്ദലിഫ യിലേക്ക് പോകുക. അറഫഃയിൽ വെച്ച് മഗ്‌രിബ് നമസ്കരിക്കരുത്.

## മുസ്ദലിഫഃ

മുസ്ദലിഫഃയിൽ എത്തിയ ശേഷം മഗ്‌രിബും ഇശാഉം ക്വസ്റും ജംഉമാക്കി നമസ്കരിക്കുക. തുടർന്ന് ഭക്ഷണം പാകം ചെയ്യുക പോലുള്ള കാര്യങ്ങൾ ചെയ്യാം. സ്വുബ്ഹ് നമസ്കാരത്തിന് ഉന്മേഷ വാനായി ഉണരാൻ വേണ്ടി നേരത്തെ ഉറങ്ങുന്നത് നല്ലതാണ്.

## ദുൽഹെജ്ജ് 10 പെരുന്നാൾ

1 സ്വുബ്ഹ് സമയമായാൽ നമസ്കരിക്കുക. അവിടെ ത്തന്നെ ഇരുന്ന് നേരം വെളുക്കുവോളം ദിക്ർ, ദുആകൾ ചൊല്ലുക.

2 ചെറിയ ഏഴു കല്ലുകൾ പെറുക്കുക. സൂര്യൻ ഉദിക്കുന്നതിനു മുമ്പായി തൽബിയ്യത്ത് ചൊല്ലിക്കൊണ്ട് മിനായിലേക്ക് പുറപ്പെടുക. സ്ത്രീകൾ, ദുർബലർ എന്നിവർക്ക് പാതിരാവിനു ശേഷം പുറപ്പെടാം.

3 ജംറതുൽ അകബഃയിൽ എത്തുന്നതുവരെ തൽബിയ്യത്തു ചൊല്ലിക്കൊണ്ടിരിക്കുക. ഓരോ കല്ലുവീതം ജംറയിൽ എറിയുക. ഓരോ കല്ലെറിയുമ്പോഴും 'അല്ലാഹു അക്ബർ' എന്ന് പറയുക. കല്ലേറിനു ശേഷം തൽബിയ്യത്ത് നിർത്തുക. പെരുന്നാളിനുള്ള തക്ബീർ ചൊല്ലുക.

4 കല്ലേറിനു ശേഷം ബലി നിർബന്ധമുള്ളവർ ബലിയറുക്കുക. അതിന്റെ മാംസത്തിൽ നിന്ന് ഭക്ഷിക്കലും, സമ്മാനമായും

ദാനമായും വിതരണം ചെയ്യലും സുന്ന ത്താകുന്നു.

5 അറവിനു ശേഷം മുടികളയുക. അല്ലെങ്കിൽ മുറിക്കുക. മുടിവടിക്കലാണ് ഉത്തമം. സ്ത്രീകൾ മൂന്നു സെന്റിമീറ്റർ വീതം വലിപ്പത്തിൽ തലയുടെ മൂന്നു ഭാഗങ്ങളിൽ നിന്നായി മുടിമുറിക്കുക. ഇതോടെ ഇഹ്റാമിൽ നിഷിദ്ധമായ ലൈംഗികബന്ധമൊഴികെയുള്ളതെല്ലാം അനുവദനീയമാകും. (ത്വവാഫുൽ ഇഫാദഃ (ഹജ്ജിന്റെ ത്വവാഫ്) നിർവ്വഹിച്ച ശേഷമേ അത് അനുവദനീയമാവുകയുള്ളൂ.) ശേഷം കുളിച്ചു വൃത്തിയായി സുഗന്ധം പൂശി വസ്ത്രം ധരിക്കുക.

6 ത്വവാഫുൽ ഇഫാദഃ നിർവ്വഹിക്കാൻ കഅ്ബഃ യിലേക്ക് പോകുക. ഏഴു ത്വവാഫ് ചെയ്യുക. രണ്ടു റക്അത് നമസ്കരിക്കുക. മുത്തമത്തിഅ് ആയ ഹജ്ജാണെങ്കിൽ ഇങ്ങനെ ചെയ്യണം. എനി ഹജ്ജ് ഖാരിനോ മുഫരിദോ ആണെങ്കിൽ ആദ്യ ത്വവാഫിനോടൊപ്പം സഅ്യ് ഉണ്ടായതി

നാൽ സഅ്യ് നിർബന്ധമില്ല. കാരണം അവൻ ആദ്യം ചെയ്ത സഅ്യ് ഹജ്ജിന്റെ സഅ്യാണ്. അത് ചെയ്തില്ലെങ്കിൽ അവന് സഅ്യ് നിർബന്ധമാകും സ്വഫാ മർവയിൽ ഏഴു സഅ്യ് നടത്തിയാൽ ഇതോടെ ഇഹ്റാമിൽ നിഷിദ്ധമായ ലൈംഗിക ബന്ധമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും അനുവദനീയമായി.

7 പത്തിന്റെയും, പതിനൊന്നിന്റെയും അന്നു രാത്രി മിനായിൽ താമസിക്കൽ നിർബന്ധമാകുന്നു. പിന്തിക്കാൻഉദ്ദേശിക്കുന്നവർക്ക് പന്ത്രണ്ടിന്റെ അന്നു രാത്രിയും. രാത്രിയുടെ അധികസമയം അവിടെയായിരിക്കുക എന്നതാണ് ഇതു കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

മേൽപറയപ്പെട്ട കല്ലേറ്, മൃഗബലി, മുടികളയൽ, ത്വവാഫ് എന്നിവ ക്രമം പാലിക്കൽ സുന്നത്താകുന്നു. ഏതെങ്കിലും ഒന്നിനെ മുന്തിച്ചു ചെയ്യുന്നതുകൊണ്ട് തെറ്റില്ല.

## ദുൽഹജ്ജ് 11

ഇന്ന് കല്ലേറ് നിർബന്ധമാകുന്നു. സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റിയാൽ എറിഞ്ഞു തുടങ്ങാം. അതിനു മുമ്പ് പാടില്ല. ദുഹ്റിനു ശേഷം ജംറതു സ്സുഗ്റാ, ജംറതുൽ വുസ്ത്വാ, ജംറതുൽ കുബ്റാ എന്ന ക്രമത്തിലാണ് എറിയേണ്ടത്. എറിയുന്ന രൂപം:

1 ഇരുപത്തിയൊന്ന് ചെറിയ കല്ലുകൾ പെറുക്കുക. ജംറതുസ്സുഗ്റയിലേക്ക് പോകുക. അല്ലാഹു അക്ബർ എന്ന് ചൊല്ലിക്കൊണ്ട് ഏഴുകല്ലുകൾ ഓരോന്നായി എറിയുക. കല്ല് തടത്തിൽ വീഴണം. വലതു ഭാഗത്തേക്കുമാറി കഅ്ബഃയുടെ നേരെ തിരിഞ്ഞു നിന്ന് ദീർഘമായി പ്രാർത്ഥിക്കൽ സുന്നത്താകുന്നു.

2 തുടർന്ന് ജംറതുൽ വുസ്ത്വയിലേക്ക് പോകുക. അല്ലാഹു അക്ബർ എന്നു ചൊല്ലിക്കൊണ്ട് ഏഴു കല്ലുകൾ ഓരോന്നായി എറിയുക.ഇവിടെ ഇടത്തോട്ട് മാറി

കഅ്ബഃക്കഭിമുഖമായിനിന്നു ദീർഘനേരം പ്രാർത്ഥിക്കൽ സുന്നത്താകുന്നു.
3 ഇനി ജംറതുൽ കുബ്റായിലേക്ക് പോകുക. അവിടെയും മേൽപറഞ്ഞ പ്രകാരം കല്ലെറിയുക. അവിടെ മാറിനിന്നു പ്രാർത്ഥിക്കേണ്ടതില്ല.

## ദുൽഹജ്ജ് 12

1 ഇന്നലെ (11ന്) ചെയ്തതു പോലെ ത്തന്നെ ചെയ്യുക. പതിമൂന്നിന്റെ അന്നു കൂടി അവിടെ നിൽക്കാൻ ആഗ്രഹിക്കുന്നവർ, കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ചെയ്തതെല്ലാം അന്നും ചെയ്യുക. പന്ത്രണ്ടിന്റെ അന്ന് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നവർ സൂര്യാസ്തമയത്തിനു മുമ്പ് എറിഞ്ഞു, മിനായുടെ അതിർത്തിക്ക് പുറത്തു കടന്നിരിക്കണം. പതിമൂന്നിനു കൂടി തങ്ങുന്നതാണ് ഉത്തമം.
2 പന്ത്രണ്ടിന്റെ അന്നോ, പിന്തിനിന്നവർ പതിമൂന്നിനോ കല്ലേറു കഴിഞ്ഞശേഷം കഅ്ബഃയിലേക്ക് പോയി ത്വവാഫുൽ

വിദാഅ് നിർവ്വഹിക്കുക. ഈ ത്വവാഫിനു ശേഷവും സുന്നത്ത് നമസ്കരിക്കുക. ആർത്തവം, പ്രസവാശുദ്ധി എന്നിവയുള്ള സ്ത്രീകൾ ഈ ത്വവാഫ് നിർവ്വഹിക്കേണ്ടതില്ല.

ത്വവാഫുൽ ഇഫാള (ഹജ്ജിൻെറ ത്വവാഫ്) ഈ ദിവസത്തിലേക്ക് പിന്തിക്കൽ ഹാജിമാർക്ക് അനുവധനീയമാണ്. അപ്പോൾ അവർക്ക് വിദാഅ്ൻെറ ത്വവാഫിനു പകരമായി ഈത്വവാഫ് മതിയാകുന്നതാണ്.അങ്ങനെ ഒരാൾക്ക് ഇഫാളയുടെ ത്വവാഫ് പന്ത്രണ്ടാം ദിവസംവരെ പിന്തിക്കൽ അനുവധനീയമാണ്. പക്ഷെ അവൻ ത്വവാഫുൽ ഇഫാളയുടെ നിയ്യത്താണ് ചെയ്യേണ്ടത്. വിദാഅ്ൻെറതല്ല.

3 ഇതിനു ശേഷം മറ്റു കാര്യങ്ങളിലൊന്നും മുഴുകാതിരിക്കൽ നിർബന്ധമാകുന്നു. ദിക്ർ, ദുആ, നല്ലകാര്യങ്ങൾ കേൾക്കൽ എന്നിവക്കായി സമയം ചെലവഴിച്ചുകൊണ്ട് ഉടൻ മക്കവിടണം. ത്വവാഫുൽ വിദാഇനു ശേഷം കുട്ടുകാരെ പ്രതീ

ക്ഷിച്ചോ, അത്യാവശ്യ സാധനങ്ങൾ വാങ്ങുവാനോ, സാധനങ്ങൾ എടുക്കുവാനോ അൽപസമയം അവിടെ തങ്ങുന്നത് തെറ്റില്ല.

## ഹജ്ജിന്റെ റുക്നുകൾ

1 ഇഹ്റാം. 2 അറഫയിൽ നിൽക്കൽ. 3 ത്വവാഫുൽ ഇഫാള (പെരുന്നാൾ ദിവസം). 4 സഅ്യ്.

ആർക്കെങ്കിലും ഇതിൽ നിന്ന് ഏതെങ്കിലുമൊന്നു വിട്ടുപോയാൽ അയാളുടെ ഹജ്ജ് ശരിയാകുന്നതല്ല.

## ഹജ്ജിന്റെ വാജിബുകൾ

1 മീക്വാതിൽ വെച്ചു ഇഹ്റാം ചെയ്യുക.

2 അറഫഃയിൽ പകൽ സമയത്തു നിൽക്കുന്നവർ സൂര്യാസ്തമയംവരെ നിൽക്കുക.

3 നേരം വെളുക്കുംവോളം മുസ്ദലിഫഃയിൽ രാപ്പാർക്കുക. സ്ത്രീകൾ, ദുർബലർ

എന്നിവർ ഇതിൽ നിന്നും ഒഴിവാകുന്നു. അവർക്ക് അർദ്ധരാത്രി വരെ ആയാലും മതി.

4 അയ്യാമുത്തശ്‌രീകിൽ മിനായിൽ രാപ്പാർക്കുക.

5 അയ്യാമുത്തശ്‌രീകിൽ ജംറകളിൽ എറിയുക.

6 മുടികളയുക, അല്ലെങ്കിൽ മുറിക്കുക.

7 ത്വവാഫുൽ വിദാഅ്.

ഇതിൽ ഏതെങ്കിലും ഒന്നു ഉപേക്ഷിച്ചാൽ അതിനു പകരമായി ഒരു മൃഗത്തെ അറുക്കുക. ആട്, മാട്, ഒട്ടകം ഏതുമാകാം. ആട്, ഒട്ടകം എന്നിവ ഏഴുപേർ ചേർന്നുമാകാം. ഈ മാംസം മക്കയിലെ ദരിദ്രർക്കാണ് വിതരണം ചെയ്യേണ്ടത്.

## മദീന സന്ദർശനം

മദീനയിൽ നബി (സ) യുടെ പള്ളിയിൽ വച്ചു നമസ്കരിക്കാൻ വേണ്ടി മദീന സന്ദർശിക്കൽ നല്ലതാകുന്നു. മസ്ജിദുൽ ഹറാം ഒഴികെയുള്ള മറ്റു പള്ളികളിൽ

നമസ്കരിക്കുന്നതിനെക്കാൾ ആയിരം ഇരട്ടി പ്രതിഫലമുണ്ട് ആ പള്ളിയിലെ ഒരു നമസ്കാരത്തിന് എന്ന് നബി (സ) പറഞ്ഞിട്ടുണ്ട്. ഈ സന്ദർശനം എപ്പോൾ വേണമെങ്കിലും ആകാം. ഇതിനു നിശ്ചിത സമയമില്ല. ഇത് ഹജ്ജിന്റെ ഭാഗവുമല്ല. ഈ പള്ളിയിൽ എത്തിയാൽ നബി (സ) യുടെയും അബൂബകർ, ഉമർ (റ) എന്നി വരുടെയും ഖബ്റുകൾ സന്ദർശിക്കൽ പുരുഷന്മാർക്ക് സുന്നത്താകുന്നു. സ്ത്രീ കൾ അതു ചെയ്യരുത്. നബി (സ)യുടെ ഖബ്ർ സ്ഥിതിചെയ്യുന്ന അദ്ദേഹത്തിന്റെ വീടിന്റെചുമർ തൊട്ടുമുത്തൽ, അതിനു ത്വവാഫ് ചെയ്യൽ, പ്രാർത്ഥനക്കു വേണ്ടി അതിനു നേരെ തിരിഞ്ഞു നിൽക്കൽ എന്നിവ പാടില്ലാത്തതാകുന്നു.

# ഉംറഃ

ജീവിതത്തിൽ ഒരിക്കൽ മാത്രം ഉറഃ മുസ് ലിമിന് നിർബന്ധമാകുന്നു. അല്ലാഹു പറയുന്നു:

﴿ وَأَتِمُّوا الْحَجَّ وَالْعُمْرَةَ لِلَّهِ ﴾ (البقرة:١٩٦)

നിങ്ങൾ അല്ലാഹുവിനു വേണ്ടി ഹജ്ജും ഉംറയും പൂർണ്ണമായി നിർവ്വഹിക്കുക. (വി.ക്വു. 2:196)

ഓരോരുത്തരുടെയും കഴിവനുസരിച്ച് ആവർത്തിക്കൽ സുന്നത്താക്കപ്പെട്ടിട്ടുള്ള മഹൽകർമ്മങ്ങളിൽ പെട്ടതുമാകുന്നു ഇത് ഉംറഃയുടെ കർമ്മങ്ങളിൽ ആദ്യമായി ചെയ്യേണ്ടത് ഇഹ്റാം ആകുന്നു.

## ഇഹ്റാം

### ഇഹ്റാം എന്ത്? എവിടെ വെച്ച്?

ഹജ്ജിന്റെ കർമ്മങ്ങളിൽ പ്രവേശിക്കുന്നതിനാണ് ഇഹ്റാമെന്ന് പറയുന്നത്.

ഹജ്ജോ ഉംറയോ ചെയ്യാൻ ഉദ്ദേശിച്ചവൻ ഇഹ്റാം ചെയ്യൽ നിർബന്ധമാകുന്നു. മക്കയുടെ പുറത്തു നിന്നാണ് വരുന്നതെങ്കിൽ നബി (സ) നിശ്ചയിച്ച ഏതെങ്കിലും ഒരു മീഖാതിൽ വെച്ചാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. മീഖാതുകൾ താഴെ പറയുന്നവയാകുന്നു:

1 **ദുൽഹുലൈഫഃ:** മദീനയുടെ അടുത്തുള്ള ഒരു ചെറിയ ഗ്രാമം. ഇപ്പോൾ ഈ സ്ഥലത്തിന്റെപേര് അബ്യാർ അലീ എന്നാണ്. മദീനക്കാരുടെ മീഖാത്.

2 **ജുഹ്ഫഃ:** റാബിഗിന്നടുത്തുള്ള ഒരു ഗ്രാമം. ഇപ്പോൾ ജനങ്ങൾ റാബിഗിൽ വെച്ചു തന്നെയാണ് ഇഹ്റാം ചെയ്യാറുള്ളത്. ശാം (സിറിയ)കാരുടെ മീഖാത്.

3 **കർനുൽ മനസസിൽ:** (സയ്ലുൽ കബീർ). ത്വാഇഫിനടുത്തുള്ള സ്ഥലം. നജ്ദുകാരുടെ മീഖാത്. (ഇന്ത്യയിൽ നിന്നും വിമാനംവഴി ഹജ്ജിനു വരുന്നവരുടെ മീഖാത് ഇതാണ്.)

4 **യലംലം:** മക്കയിൽ നിന്നും ഏകദേശം 70കി.മീ. അകലത്തിൽ. യമൻകാരുടെ മീകാത്ത്. (ഇന്ത്യയിൽ നിന്ന് കപ്പലിൽ വരുന്നവരുടെ മീകാത്ത് ഇതാണ്.)

5 **ദാതുഇർക്:** ഇറാക്വുകാരുടെ മീകാത്ത്.

മേൽപറയപ്പെട്ട നാട്ടുകാർക്കും, ആ പ്രദേശങ്ങൾ താണ്ടി ഹജ്ജിനും, ഉംറക്കും വരുന്നവർക്കും നബി(സ) നിശ്ചയിച്ച മീഖാത്തുകളാണിവ. മക്കയിലോ മീഖാത്തു കൾക്കുള്ളിലായി ഹറമിനുപുറത്തോ താമസിക്കുന്നവർ അവരുടെ താമസസ്ഥലങ്ങളിൽ വെച്ചുതന്നെയാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്.

## ഇഹ്റാമിന്റെ സുന്നത്തുകൾ

ഇഹ്റാമിനു മുമ്പ് താഴെ പറയുന്ന സുന്നത്തായ കാര്യങ്ങൾ ചെയ്യുക.

1 നഖം മുറിക്കുക. കക്ഷം, ഗുഹ്യഭാഗം എന്നിവയിലെ രോമങ്ങൾ നീക്കം ചെയ്യുക. മീശ വെട്ടുക. കുളിക്കുക. സുഗന്ധം

പൂശുക. സുഗന്ധം ശരീരത്തിൽ മാത്രമേ ഉപയോഗിക്കാവൂ. വസ്ത്രത്തിൽ പുരട്ടരുത്.

2 കൂട്ടിത്തുന്നിയ വസ്ത്രങ്ങൾ ഒഴിവാക്കുക. ഒരു തുണിയും മേൽമുണ്ടും മാത്രം ധരിക്കുക. സ്ത്രീകൾക്ക് ശരീരം മറക്കുന്ന ഏതു വസ്ത്രവും ധരിക്കാം. ആർഭാടം പ്രകടിപ്പിക്കാത്ത, അന്യ പുരുഷരുടെ അടുത്തെത്തുമ്പോൾ മുഖവും മുൻകയ്യും മറക്കാൻ കഴിയുന്നതായിരിക്കണം ആ വസ്ത്രം. സ്ത്രീ കയ്യുറയും മുഖം മൂടുന്ന വസ്ത്രവും ഒഴിവാക്കണം.

3 പള്ളിയിൽ പ്രവേശിച്ചു, നമസ്കാരത്തിന്റെ സമയമാണെങ്കിൽ ജമാഅ:തിന്റെ കൂടെ നമസ്കരിക്കുക. അല്ലെങ്കിൽ വുദുവിന്റെ രണ്ട് റക്അ:ത് നമസ്കരിക്കുക. ഇഹ്റാമിനായി പ്രത്യേക സുന്നത്ത് നമസ്കാരമില്ല. തുടർന്ന് ഇഹ്റാം ചെയ്യുക. വസ്ത്രം ധരിക്കുന്നതോടെ ഇഹ്റാമിൽ പ്രവേശിക്കുകയില്ല എന്നത് പ്രത്യേകം ഓർത്തിരിക്കുക

لَبَّيْكَ عُمْرَةً

ലബ്ബയ്ക ഉംറതൻ എന്നു പറഞ്ഞു കൊണ്ട് ഇഹ്റാമിൽ പ്രവേശിക്കുക.

വിമാനത്തിൽ ഉംറക്കുവരുന്നവരും മീഖാത്തിൽ വെച്ചുതന്നെഇഹ്റാം ചെയ്യണം. എനി മീഖാത്തിലെത്തുന്നത് അറിയാൻ വിഷമമാണെങ്കിൽ ഇഹ്റാം അതിനുമൽപ്പം മുമ്പുമാകാം. ഇഹ്റാമിനു മുമ്പ് ചെയ്യേണ്ട സുന്നത്തായ കാര്യങ്ങൾ നഖം മുറിക്കുക, കക്ഷം, ഗുഹ്യഭാഗം എന്നിവയിലെ രോമങ്ങൾ നീക്കം ചെയ്യുക, മീശ വെട്ടുക, കുളിക്കുക, സുഗന്ധം പൂശുക. എന്നിവയും ഇഹ്റാം വസ്ത്രം ധരിക്കലും വിമാനത്തിൽ കയറുന്നതിനു മുമ്പോ വിമാനത്തിൽവച്ചോ ചെയ്യുക. മീഖാത്തിലെത്തിനുമുമ്പോ അല്ലെങ്കിൽ മീഖാത്തിൽവെച്ചോ ഇഹ്റാമിനുള്ള നിയ്യത്ത് ചെയ്യുക

ഇഹ്റാമിനു ശേഷം തൽബിയ്യതു ചൊല്ല ൽ സുന്നത്താകുന്നു. ഇഹ്റാമിൽ പ്രവേശി ച്ചതു മുതൽ കഅ്ബയിലെത്തി ത്വവാഫ് ആരംഭിക്കുന്നതു വരെ ഇത് ആവർത്തി ച്ചു കൊണ്ടിരിക്കണം.

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ،

إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكُ لاَ شَرِيكَ لَكَ

ലബ്ബയ്കല്ലാഹുമ്മ ലബ്ബയ്ക്, ലബ്ബയ്ക ലാ ശരീക ലക ലബ്ബയ്ക്, ഇന്നൽ ഹംദ വന്നിഅ്മത ലക, വൽമുൽകു ലാ ശരീക ലക്.

എന്നതാണ് തൽബിയ്യത്തിന്റെ വാക്കുക ൾ.

അർത്ഥം: അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാനുത്തരം നൽകിയിരിക്കുന്നു. നിന്റെ വിളി കേട്ടെത്തിയിരിക്കുന്നു. നിന്റെ വിളി ഞാനിതാ ചെവിക്കൊണ്ടിരിക്കുന്നു. നിന ക്ക് യാതൊരു പങ്കുകാരനുമില്ല. നിന്റെ

വിളിക്ക് ഞാനുത്തരം നൽകിയിരിക്കുന്നു. സ്തുതിയും അനുഗ്രഹവും നിനക്ക്, രാജാധികാരവും നിനക്കു തന്നെ. തീർച്ച. നിനക്കു പങ്കാളിയായി ആരും തന്നെയില്ല

## ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ

ഇഹ്റാമിനു മുമ്പ് അനുവദനീയമായിരുന്ന ചില കാര്യങ്ങൾ ഇഹ്റാമിനു ശേഷം നിഷിദ്ധമാകും. അവ താഴെ പറയുന്നു:

1 തലയിൽ നിന്നോ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നോ മുടി നീക്കം ചെയ്യൽ. ആവശ്യമായി വരുമ്പോൾ പതുക്കെ ചൊറിയുന്നതു കൊണ്ട് തെറ്റില്ല.

2 നഖം മുറിക്കൽ. നഖം പൊട്ടിപ്പോയി, അല്ലെങ്കിൽ കഠിന വേദനയെടുക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ നഖം നീക്കം ചെയ്യുന്നതിൽ തെറ്റില്ല.

3 സുഗന്ധം ഉപയോഗിക്കൽ. സുഗന്ധമുള്ള സോപ്പുകളും ഇതിലുൾപ്പെടും.

4 ലൈംഗികബന്ധവും ഇതിന്റെ പ്രേരകങ്ങളും. വിവാഹം കഴിക്കുക, വികാരത്തോടെയുള്ള നോട്ടം,ആലിംഗനം, ചുംബനം എന്നിവ.
5 കയ്യുറ ധരിക്കൽ.
6 വേട്ടയാടൽ
മേൽപറയപ്പെട്ടവയെല്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവായവയാകുന്നു. ഇവക്കെല്ലാം പുറമെ പുരുഷന്മാർക്ക് മാത്രം നിഷിദ്ധമാകുന്നവ താഴെ പറയുന്നു.
1 കൂട്ടിത്തുന്നിയ വസ്ത്രം ധരിക്കൽ. എന്നാൽ ഇഹ്റാമിൽ ബെൽറ്റ്, വാച്ച്, കണ്ണട എന്നിവ ധരിക്കാം.
2 തലയിൽ ചേർന്നു നിൽക്കുന്ന വസ്തുക്കൾ കൊണ്ട് തല മറക്കൽ. കുട, കാർ, ടെന്റ് തുട ങ്ങിയ തലയിൽ സ്പർശിക്കാത്ത വസ്തുക്കൾ കൊണ്ട് തലമറയുന്നതു തെറ്റില്ല.

3 കാലുറ ധരിക്കൽ. ചെരുപ്പ് ലഭ്യമായില്ലെങ്കിൽ നെരിയാണി മറയുന്ന കാലുറയും (ഖുഫ്ഫ) ധരിക്കാം.
ഇതിൽ ഏതെങ്കിലും ഒന്ന് ചെയ്തവന് മൂന്നാൽ ഒരവസ്ഥയുണ്ടാകും.
1 അകാരണമായി ചെയ്യുന്നവൻ. അവൻ കുറ്റക്കാരനാകുന്നു. അയാൾക്ക് പ്രായശ്ചിത്തം നിർബന്ധം.
2 അത്യാവശ്യം നിമിത്തം ചെയ്തവൻ. അയാൾ കുറ്റക്കാരനാകില്ല. പക്ഷെ, പ്രായശ്ചിത്തം ചെയ്യൽ നിർബന്ധം.
3 നിയമത്തെ കുറിച്ചുള്ള അജ്ഞതയോ നിർബന്ധമോ മറവിയോ നിമിത്തം ചെയ്തവന്ന് ഒഴികഴിവു ലഭിക്കുന്നതാണ്. അവന്ന് കുറ്റമോ പ്രായശ്ചിത്തമോ ഇല്ല.

## ത്വവാഫ്

മസ്ജിദുൽ ഹെറാമിൽ പ്രവേശിക്കുമ്പോൾ വലതുകാൽ മുന്തിക്കുക.

بِسْمِ اللهِ وَالصَّلاَةُ والسلام عَلَىَ رَسُولِ الله

اللَّهُمَّ اغْفِرْ لِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِكَ

'ബിസ്മില്ലാഹി വസ്സ്വലാതു വസ്സലാമു അലാ റസൂലില്ലാഹ്, അല്ലാഹുമ്മഗ് ഫിർലീ ദുനൂബീ വഫ്തഹ് ലീ അബ്വാബ റഹ്മതിക' എന്നു പറഞ്ഞു കൊണ്ട് പ്രവേശിക്കുക.

അർത്ഥം: അല്ലാഹുവിന്റെ പേരിൽ, അല്ലാഹുവിന്റെ തിരുദൂതരിൽ അവന്റെ കൃപാകടാക്ഷവും ശാന്തിയുമുണ്ടാകട്ടെ, അല്ലാഹുവേ, എന്റെ പാപങ്ങൾ എനിക്കു നീ പൊറുത്തു തരികയും, നിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ എനിക്ക് തുറന്നു തരികയും ചെയ്യേണമേ.

ഇപ്രകാരം ചെയ്യൽ എല്ലാപള്ളികൾക്കും ബാധകമാകുന്നു. തുടർന്ന് ത്വവാഫിനു വേണ്ടി കഅ്ബയുടെനേരെ പോകുക.

അല്ലാഹുവിനുള്ള ഒരു ആരാധന എന്ന നിലയിൽ കഅ്ബഃയെ ഇടതു വശത്താക്കി, ഹജറുൽ അസ്‌വദിൽ നിന്നും ആരംഭിച്ചു അതിൽ തന്നെ അവസാനിക്കുന്ന ഏഴു പ്രദക്ഷിണം ചെയ്യലാകുന്നു ത്വവാഫ്. ഇതിന്ന് വുദു നിർബന്ധമാകുന്നു.

ത്വവാഫിന്റെ രൂപം താഴെ പറയുന്നു:

1 ഹജറുൽ അസ്‌വദിന്റെ അടുത്തേക്ക് പോകുക.

بِسْمِ اللهِ وَاللهُ أَكْبَرُ

'ബിസ്മില്ലാഹി വല്ലാഹു അക്ബർ' എന്നു പറഞ്ഞു കൊണ്ട്, സാധ്യമെങ്കിൽ കല്ലിനെ ചുംബിക്കുക. സാധ്യമല്ലെങ്കിൽ വലതു കൈകൊണ്ട് അതിനെ തൊട്ടുമുത്തുക. തൊട്ടുമുത്താനും സാധ്യമല്ലെങ്കിൽ ഹജറുൽ അസ്‌വദിന്റെ നേരെ തിരിഞ്ഞു നിന്ന്, അല്ലാഹു അക്ബർ എന്നു പറഞ്ഞു കൈ കൊണ്ട് ആംഗ്യം കാണിക്കുക. കൈ

ചുംബിക്കേണ്ടതില്ല. കഅ്ബഃയെ ഇടതു വശത്താക്കി (നിലത്തു കാണുന്ന വീതിയുള്ള കറുത്ത വരയിൽ നിന്നു) ത്വവാഫ് ആരംഭിക്കുക. ഇഷ്ടമുള്ള പ്രാർത്ഥനകൾ നടത്താം. തനിക്കറിയാവുന്ന ഭാഷയിലാകാം. തനിക്കും മറ്റുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കാം. ക്വുർആൻ പാരായണമാകാം. ത്വവാഫിനു വേണ്ടി മാത്രം ഓരോ തവണയും പ്രത്യേകം പ്രാർത്ഥനകൾ ഇല്ല.

2 റുക്നുൽ യമാനീ (ഹജറുൽ അസ്വദിനു തൊട്ടുമുമ്പുള്ള മൂല) യിൽ എത്തിയാൽ സാധിക്കുമെങ്കിൽ

بِسْمِ اللهِ وَاللهُ أَكْبَرُ

ബിസ്മില്ലാഹി വല്ലാഹു അക്ബർഎന്നു പറഞ്ഞുകൊണ്ട് അവിടെ തൊടുക. കൈ ചുംബിക്കേണ്ടതില്ല. സാധിച്ചില്ലെങ്കിൽ ത്വവാഫ് തുടരുക. കൈകൊണ്ട് ആഗ്യം കാണിക്കുകയോ, തക്ബീർ ചൊല്ലുക

യോ ചെയ്യേണ്ടതില്ല. ഇവിടെ മുതൽ ഹജറുൽ അസ്‌വദ്‌വരെ

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

'റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറതി ഹസനതൻ വകിനാ അദാബന്നാർ' എന്ന് പ്രാർത്ഥിക്കൽ സുന്നത്താകുന്നു.

അർത്ഥം: ഞങ്ങളുടെ നാഥാ, ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്ക് നന്മ നൽകേണമേ. ഞങ്ങളെ നീ നരകശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ.

3 ഹജറുൽ അസ്‌വദിൽ എത്തിയാൽ കൈ കൊണ്ട് തൊടുക. സാധിച്ചില്ലെങ്കിൽ അല്ലാഹു അക്ബർ എന്നു പറഞ്ഞു ആഗ്യം കാണിക്കുക. ഇപ്പോൾ ഒരു ത്വവാഫ് പൂർത്തിയായി. ബാക്കി പൂർത്തീകരിക്കുവാൻ;

4 ഒന്നാമത്തെ വട്ടം ചെയ്തതു പോലെ ത്തന്നെ തുടരുക. അങ്ങനെ ഏഴു പ്രാവ ശ്യം പൂർത്തിയാക്കുക. ഹജറുൽ അസ്‌വ ദിന്റെ തൊട്ടടുത്തെ ത്തുമ്പോഴും, ഏഴാം പ്രാവശ്യം അവസാനിപ്പിക്കുമ്പോഴും (കറുത്ത വരയിൽ നിന്നുകൊണ്ട്) അല്ലാ ഹു അക്ബർ എന്നു പറയുക. ആദ്യത്തെ മൂന്നു വട്ടം കാലടികൾ അടുപ്പിച്ചു വെച്ചുകൊണ്ട് അൽപം വേഗത കൂട്ടി നടക്കുക. ബാക്കിയുള്ള നാലെണ്ണത്തിൽ സാധാരണ നടത്തവുമായിരിക്കണം. ത്വ വാഫിന്റെ സമയത്ത് മേൽമുണ്ട് വലതു കക്ഷത്തിനു താഴെയാക്കി രണ്ടറ്റങ്ങളും ഇടതു ചുമലിൽ വരത്തക്കവിധം ആക്കുക. ഇതിന് اضطباع എന്നാണ് പറയുക. വേഗതയിലുള്ള നടത്തവും മേൽമുണ്ട് ഇപ്രകാരം ചെയ്യുന്നതും ആദ്യത്തെ ത്വവാഫിൽ മാത്രമേ സുന്നത്തുള്ളൂ.

## ത്വവാഫിനു ശേഷം

ഇബ്റാഹീം മക്വാമിന്റെ പിന്നിൽ നിന്നു, കഅ്ബഃയുടെ നേരെ തിരിഞ്ഞു രണ്ട് റക്അഃത്ത് നമസ്കരിക്കൽ സുന്നത്താകുന്നു. മഖാമു ഇബ്റാഹീം തന്റെയും കഅ്ബഃയുടെയും ഇടയിൽ വരണം. ഒന്നാമത്തെ റക്അഃത്തിൽ ഫാതിഹക്കു ശേഷം സൂറതുൽ കാഫിറൂൻ (ക്വുൽയാ അയ്യുഹൽ കാഫിറൂൻ) ഓതുക. രണ്ടാമത്തെതിൽ സൂറതുൽ ഇഖ്ലാസ് (ക്വുൽ ഹുവല്ലാഹു അഹദ്) ഓതുക. ജനത്തിരക്കു കാരണം മഖാമിന്റെ പിന്നിൽ നിന്ന് നമസ്കരിക്കാൻ സൗകര്യപ്പെടാതെ വന്നാൽ, മസ്ജിദുൽ ഹ റാമിൽ എവിടെ വെച്ചും ഇതു നിർവ്വഹിക്കാം. തുടർന്ന് സംസം വെള്ളം കുടിക്കൽ സുന്നത്താകുന്നു. അത് വയറു നിറയെ കുടിക്കണം.

## സഅ്യ്

ഇനി സഅ്യിനു വേണ്ടി സ്വഫയിലേക്ക് പോകുക. അവിടെയത്തിയാൽ

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَآئِرِ اللهِ.. (البقرة:١٥٨)

'ഇന്നസ്സ്വഫാ വൽമർവത മിൻശആഇരി ല്ലാഹ്' എന്ന് ഓതുക.

സ്വഫയിൽ കയറി, കഅ്ബഃയെ കാണുന്ന രൂപത്തിൽ നിൽക്കുക. കഅ്ബഃക്കു നേരെ തിരിഞ്ഞു നിന്ന് അൽഹംദു ലില്ലാഹ് എന്നു പറഞ്ഞു, രണ്ടു കൈകളും ഉയർത്തി;

لآإِلَهَ إِلاّ اللهُ وَ اللهُ أَكْبَرُ، لآإِلَـهَ إِلاَّ اللهُ وَحْـدَهُ لاَ

شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الحَمْدُ يُحْيِي وَيُمِيتُ وَهُوَ

عَلَى كُلِّ شَيْءٍ قَدِيرٌ لاَ إِلَهَ إِلاَّ اللهُ وَحْدَهُ أَنْجَزَ
وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ.

'ലാഇലാഹ ഇല്ലല്ലാഹു, വല്ലാഹു അക്ബർ, ലാഇ ലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാശരീകലഹൂ, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്യീ വയുമീതു വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ. ലാഇ ലാഹ ഇല്ലല്ലാഹു വഹ്ദഹൂ, അൻജസ വഅ്ദഹൂ, വനസ്വറ അബ്ദഹൂ, വഹസമൽ അഹ്സാബ വഹ് ദഹൂ'
എന്നു ചൊല്ലിക്കൊണ്ട് സുദീർഘമായി പ്രാർത്ഥിക്കുക.

അർത്ഥം: അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹു വല്ലാതെ മറ്റൊരു ആരാധ്യനില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാരനുമില്ല. രാജാധിപത്യം അവന്നുള്ളതാണ്. സ്തുതിയും അവന്നുള്ളത് തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പി

ക്കുകയും ചെയ്യുന്നു. അവൻ സർവ്വശ ക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തന്റെ വാഗ്ദത്തം അവൻ നിറവേറ്റി, തന്റെ അടിമയെ സഹായിച്ചു, ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി.

പ്രാർത്ഥനകളെല്ലാം മൂന്നു പ്രാവശ്യം ആവർത്തിക്കുക.

അവിടെ നിന്നും ഇറങ്ങി മർവയുടെ നേരെ നടക്കുക. പച്ച അടയാളമുള്ള സ്ഥലത്തെത്തിയാൽ കഴിയും പ്രകാരം അൽപം വേഗത കൂട്ടുക. അടുത്ത പച്ച അടയാളം വരെ മാത്രം. ഇതു മറ്റുള്ളവർക്കു വിഷമമാകുന്ന വിധത്തിലായിരിക്ക രുത്. സ്ത്രീകൾ ഓടാൻ പാടില്ല. മർവയിൽ എത്തിയാൽ അതിൽ കയറി കഅ്ബഃക്കു നേരെ തിരിഞ്ഞു നിൽക്കുക. രണ്ടു കൈകളും ഉയർത്തി സ്വഫയിൽ പറഞ്ഞതു പോലെ പറയുക. ഇതോടെ ഒരു സഅ്യ് പൂർത്തിയായി. പ്രാർത്ഥനക്കു ശേഷം മർവയിൽ നിന്നും ഇറങ്ങി സ്വഫയിലേക്ക്

പോകുക. ഒന്നാം സഅ്‌യിൽ ചെയ്തതു പോലെ തന്നെ ചെയ്യുക. ഏഴുസഅ്‌യിലും പ്രാർത്ഥനകൾ ധാരാളമായി ചൊല്ലുന്നത് സുന്നത്താകുന്നു.
സഅ്‌യിനശേഷം മുടിയെടുക്കുക. ഇതോടെ ഉംറ അവസാനിക്കും

## ഉംറയുടെ റുക്നുകൾ

1, ഇഹ്റാം. 2, ത്വവാഫ്. 3, സഅ്‌യ്.
ഇതിൽ ഏതെങ്കിലും ഒന്ന് വിട്ടുപോയാൽ, വിട്ടുപോയത് വീണ്ടും ചെയ്യാതെ ഉംറഃ സ്വഹീഹാവുകയില്ല.

## ഉംറഃയുടെ വാജിബുകൾ:

1 ഇഹ്റാം മീക്വാതിൽ വെച്ച് ചെയ്യുക. 2 മുടി മുറിക്കുക അല്ലെങ്കിൽ വടിക്കുക.
ഇതിൽ ഏതെങ്കിലും ഒന്ന് വിട്ടുപോയാൽ പ്രായശ്ചിത്തം ചെയ്താൽ പരിഹാരമാകും.

شركة مطبعة النرجس المحدودة
Narjis Printing Press Co. Ltd.
تلفون: ٤١٥٧٤١٢ - جوال: ٠٥٠٥٢٧٨٤٦١
E-mail: narjiscpp@yahoo.com